little KITEs



# ദൃഷ്ടി

## GOVT THS Neruvambram

# ആമുഖം

നെരുവമ്പ്രം ടെക്നിക്കൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾഡിജിറ്റൽ മാഗസിൻ ആണ് 'ദൃഷ്ടി'. കാലവും ദേശവും അപ്രസക്ത-മാകുന്ന ഈ സൈബർ യുഗത്തിൽ സ്വന്തമായൊരു എഴുത്തിടം കണ്ടത്തുകയാണ് 'ദൃഷ്ടി'. സർഗസൃഷ്ടികളെ വിരൽതുമ്പിലൂടെ കാഴ്ചയുടെ വർണ്ണപ്പകിട്ട് നൽകി വായനക്കാരിലേക്ക് എത്തിക്കുകയാണ് ഇവിടെ. ഇതിൻെറ വിജയം വായനക്കാരുടെ കയ്യിലാണ്.

## ഉള്ളടക്കം

ബുദ്ധിമാനായ കാക്ക....4
ഇന്നും ഇന്നലെയും....5
അപ്പം....6
ജീവചരിത്രം....7
കൃഷി കേരളം....8
ചിന്തകൾ....10
*പ്രകൃതി*....11
സമ്മാനപ്പെട്ടി....13
ലയണ്ണൽ മെസ്സി....15
*സുധാചന്ദ്രൻ*....16
ചോട്ടു....17
കരൾ മോഹം....31
അതിബുദ്ധിമാനായ മുയൽ....32
ചിത്രകല....33

# ബുദ്ധിമാനായ കാക്ക

ഒരിടത്ത് ഒരു കാക്ക ഉണ്ടായിരുന്നു. കാക്ക ദാഹിച്ച് വലഞ്ഞ് നിൽക്കുകയായിരുന്നു. പെട്ടെന്ന് കാക്ക കിണറിന്റെ ചോട്ടിൽ ഒരു കുടം കണ്ടു. കാക്ക കുടത്തിനടുത്തേക്ക് ചെന്നു. അതിൽ വെള്ളം അടിത്തട്ടില്ലായിരുന്നു. കാക്ക വിഷമിച്ചു.ഒടുവിൽ കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി. കാക്ക പിന്നീട് ഓരോ കല്ലുകൾ പെറുക്കി കൊത്തിയെടുത്ത് കുടത്തിൽ ഇടാൻ വേണ്ടി തുടങ്ങി. അങ്ങനെ ഇട്ട് ഇട്ട് വെള്ളം മുകളിലേക്ക് പൊങ്ങി വന്നു. ഇതു കണ്ട് കാക്കയ്ക്ക്സന്തോഷം വന്നു. കാക്ക ഉടൻ തന്നെ വെള്ളം കുടിച്ച് ദാഹം അടക്കി കൂട്ടിലേക്ക് മടങ്ങി പോയി.

സിനാൻ യേശുദാസ്.വി
9 – B Roll N : 27

# ഇന്നും ഇന്നലെയും

പുഴുവായിരുന്നപ്പോൾ
അറപ്പോടെ അകറ്റിനീ
എന്തേ പൂമ്പാറ്റയായ് വന്നപ്പോൾ
എന്നേ മാടി വിളിച്ചു
എന്റെ ചിറകിന്റെ ചാരുത കണ്ടിട്ടോ
ഞാൻ പറന്ന ഉയരങ്ങ കനണ്ടിട്ടോ
ഒരിക്കൽ കൂടി ഞാൻ പുഴുവായി മാറിയാൽ
എന്റെ ചിറകിന്റെ ചാരുത മങ്ങിയാൽ
ആരു കണ്ടു നീ പിന്നെയും
എന്നെ അകറ്റുകയില്ലെന്ന്.

ആദർശ്.കെ.വി

10-B Roll No.1

# അപ്പം

ഒരിടത്ത് രണ്ട് പൂച്ചകളുണ്ടായിരുന്നു. രണ്ട പേരും ഒരു അപ്പത്തിനു വേണ്ടി അടിപിടി കൂടുകയായിരുന്നു. അത് കണ്ട് ഒരു കുരങ്ങൻ വന്നു എന്നിട്ട് കുരങ്ങൻ പറഞ്ഞു, ഞാൻ നിങ്ങൾക്ക് പകുതിയാക്കിത്തരാം. അവർ അത് കോടുത്തു. എന്നിട്ട് കുരങ്ങൻ അത് പകുതിയാക്കിയപ്പോൾ ഒന്ന് വലുതും ഒന്ന് ചെറുതാകുകയും ചെയ്തു .വലുതായത് കടിച്ചപ്പോൾ അത് ചെറുതാകുകയും ചെയ്തു. അങ്ങനെ അത് കടിച്ച് കടിച്ച് ആ അപ്പം മുഴുവനായും തീർന്നു. പൂച്ചകൾ കുരങ്ങനെ നിരാശയോടെ നോക്കി നിന്നു....

സിയാദ് അബ്ദുൽ മജീദ്
9-B

# ജീവചരിത്രം

## *നിക്ക് വ്യയിചിച്ച്*

ശാരീരക വെല്ലുവിളികൾ അതിജയിച്ച് ജീവിത വിജയം കൈവരിച്ച് ലോക പ്രസിദ്ധനാണ്. ഡിസംബർ 1982-ിൽ ഓസ്ട്രേലിയയിൽ ജനനം. ഓസ്ട്രേലിയൻ ക്രിസ്ത്യൻ സുവിശേഷകനും അതോടൊപ്പം പ്രേരണ പ്രാസംഗികൻ കൂടിയാണ് ഇദ്ദേഹം.ജനിക്കുമ്പോൾ തന്നെ ടെട്ര അമേലിയ സിൻഡ്രോം എന്ന അപൂർവ അവസ്ഥ ഇത് അറിയപ്പെടുന്നത് ഫോകോമിലിയ എന്നാണ്.ഇത് കാരണം ഇദ്ദേഹത്തിൻ കൈകാലുകൾ ഇല്ല. ഇദ്ദൈഹത്തിൻ രണ്ട് കുഞ്ഞു പാദങ്ങൾ ഉണ്ട് ഇത് ഉപയോഗ പെടുത്തിയാണ് നടക്കുന്നത് ഉൾപ്പടെ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ജീവിതം കണ്ടെത്തിയ മനുഷ്യൻ എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. നീന്തലും,സ്കേറ്റിങ്ങും ഇദ്ദേഹത്തിന്റെ ഇഷ്ട കായികങ്ങളാണ്.എല്ലാവർക്കും ഇദ്ദേഹത്തിന്റെ കാര്യത്തില് ആശ്ചര്യമാണ്.ശാരീരിക അവശതകളെ മറികടന്ന് ജീവിതത്തെ കൈപ്പിടിലൊതുക്കിയ മഹാനാണ് ഇദ്ദേഹം.

മുഹമ്മദ് ശർവാൻ
9-B, Roll No:21

# കൃഷി കേരളം

പണ്ടു കാലത്ത് കൃഷി എന്ന മേഖലയ്ക്ക് ഊന്നൽ നൽകിയിരിക്കുന്ന ഒരുസാമ്പത്തിക വ്യവസ്ഥിയാണ്.അന്ന് കൃഷിയെന്നത് ഒരു ജോലിമാത്രമല്ല മറിഡച്ച് അന്നന്നത്തെ അന്നെ കൂടിയാണ്. കാർഷിക വിളകളുടെ വിലയിടവും വിദേശത്തുന്നുമുള്ള കാർഷിക വിളകളുടെ കടന്നു കയറ്റവും ഈ മേഖലയ്ക്ക് ഏറെ വെല്ലുവിളികൾ സൃഷ്ടിച്ചിരിക്കുകയാണ്. കൃഷിയിടങ്ങൾ നികത്തപ്പെടുന്നത് നിത്യ സംഭവമായി മാറിയത് കാർഷികമേഖലയിലെ തകർച്ചയെ വ്യക്തമാക്കുന്ന ഒന്നാണ്. ഭക്ഷ്യസാധനങ്ങളുടെ കൃഷിയിൽ നന്നും നാണ്യ വിളകളിലേക്കണ് നാം ഇപ്പോൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. അ ത് അറുപത് കൊല്ലം മു-നമുക്കവശ്യമുള്ള ഭക്ഷ്യവസ്തുക്കളുടെ പകുതിയോളം നാം ഇവിടെ തന്നെ ഉല്പാദിപ്പിച്ചിരിന്നു. എന്നാൽ ഇന്ന് നാലിൽ ഒന്നായി കുറഞ്ഞു.

കേരളത്തിലെ കൃഷി ഇന്ന് വലിയൊരു പ്രതിസന്ധിയിലേക്കാണ് ഊന്നൽ നൽകിയത് കൃഷിപ്പാടം നികത്തി അവിടെ വാസസ്ഥലങ്ങളും,വൻകെട്ടിടങ്ങളും വന്നു കൊണ്ടിരിക്കുന്നു. കേരളത്തിന് വിശപ്പടക്കാനായി ഒരു വർഷം ശരാശരി നാൽപത് ടൺ അരി ആവശ്യമുണ്ട് . ബാക്കി വരുന്നതെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയുന്നു.

തമിഴ് നാട്ടിൽ നിന്നുമുള്ള പച്ചക്കറികളുംആന്ധ്രപ്രദേശിൽ നിന്നും വരുന്ന അരിയുമാണ് ഇന്ന് കേരളത്തിന്റെ അന്നം.

കൃഷിപ്പാടങ്ങൾ നികത്തി പോവുകയാണ്. എല്ലാവരും കർഷകനാകാൻ മടിക്കുകയാണ് ചെയുന്നത്.മേലനങ്ങി പണിയെടുക്കാൻ ഇന്ന് കേരളം ആഗ്രഹിക്കുന്നില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാധനങ്ങൾ ഇവിടെ എത്തുമ്പോഴേക്കും മോശമാകും. ഇതില്ലാതാക്കാൻ വേണ്ടി അവർ അതിൽ പല രാസവസ്തുക്കളും മറ്റും തളിക്കും ഇങ്ങനെ വരുന്ന സാധനങ്ങൾ നാം കഴിക്കുമ്പോൾ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾ പെട്ടന്ന് പിടിപ്പെടും. ഇത് നമ്മുക്ക് നല്ലതല്ല. അതു കൊണ്ട് തന്നെ നമ്മുക്ക് വേണ്ട എല്ലാ സാധനങ്ങളും മറ്റും നാം തന്നെ കൃഷി ചെയ്താൽ നമ്മുക്ക് തന്നെയാണ് അതിൻെറ പ്രയോജനവും.കേരളം എന്ന നമ്മുടെ ദൈവത്തിൻെറ സ്വന്തം നാട് വീണ്ടും തിരിച്ച് വരേണ്ട ആവശ്യം വളരെ വലുതാണ്.

ആദർശ് .എം . വി

10 - A

Roll no:2

# ചിന്തകൾ

*വിജയം ആസ്വദകരമാകണമെകിൽ പ്രയാസങ്ങൾ ആവശ്വമാണ്.

*മടുത്തുപോകാതെ പ്രാർത്ഥിക്കുക. ദൈവത്തിന്റെ സമയത്തിനായി തക്കസമയത്ത് ദൈവം നിനക്കായ് പ്രവർത്തിക്കും വിശ്യസിക്കുക.

*എപ്പോഴും പുനഞ്ചിരിക്കാൻ തയ്യാറാകുന്നവർ,എപ്പോഴും ദേഷ്യപ്പെടുന്നവരേക്കാൾ ശക്തരാണ്.

*ഉണരുക, എഴുന്നേൽക്കുക
ലക്ഷ്യം നേടുന്നത് വരേ പ്രയത്നിക്കുക.

*എപ്പോഴും രോഗത്തെക്കുറിച്ചും ദാരിദ്രയത്തെ കുറിച്ചും കഷ്ടപ്പാടുകളെ കുറിച്ചും ചിന്തിച്ച് കൊണ്ടിരിക്കുന്ന ഒരാൾക്ക് ഒരിക്കലും അവയിൽ നിന്നും മോചനമുണ്ടാവില്ല.

*എനിക്കറിയാം എന്റെ ജീവിതം അല്ലാഹുവിന്റെ തീരുമാനങ്ങളിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ഞാൻ അവനിൽ വിശ്വസിക്കുന്നു.ഒരു ദിനം വരും എന്റെ ജീവിതത്തിൽ വെളിച്ചവുമായി ഞാൻ ചോദിച്ചതിനെക്കാൾ കൂടുതൽ നൽകി എന്നെ അനുഗ്രഹിച്ച് കൊണ്ട്.

അമൽ കെ 10th

# പ്രകൃതി

പ്രകൃതി അമ്മയാണ് അമ്മയെ വേദനിപ്പിക്കരുത് പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിൻ കാരണമാവും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോക പരിസ്ഥിതി ദിനം ആചരിച്ച് തുടങ്ങുന്നത്.എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ജൈവ വൈവിധ്യത്തിന്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട് എന്ന സങ്കല്പമാണ് ലോക പരിസ്ഥിതി ദിനത്തിന്റെ കാതൽ .പ്രതീക്ഷ കൈവിടതെ മലിനീകരണത്തിനെതിരായും വനനശീകരണത്തിനെതിരായും പ്രവർത്തിക്കുകയാണ് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗം ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസ കേന്ദ്രമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിത കേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

സാമൂഹ്യവും സാംസ്കാരികവും സാംമ്പത്തികവുമായ പുരോഗതിക്ക് വികസനം അനിവാര്യമാണ് ഈ വികസന പ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്.അതുകൊണ്ടു തന്നെ പരിസ്ഥിതി സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം വികസനം നടപ്പാക്കേണ്ടത്.

ഭൂമിയിലെ ചൂട് വർധിക്കുന്നതിന് പ്രധാന കാരണം അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ വർദ്ധനയാണ്. ഭൂമിയുടെ അന്തരീക്ഷത്തേിക്ക് ഓരോ വർഷവും വ്യാപിക്കുന്ന ഏതാണ്ട് 2300 കോടി ടൺ കാർബൺ ഡൈഓക്സൈഡിന്റെ 97% വികസിത

**രാജ്യങ്ങളുടെ സംഭാവനയാണ്. വെള്ളത്തിന്റെയും വായുവിന്റെയും പരിശുദ്ധി ലഭ്യതയും നിലനിർത്തുന്നതിനും വനങ്ങൾ പ്രയോജനപ്പെടുന്നു**

ദിനം പ്രതി 7500 ഏക്കറോളം കാട് നശിക്കപ്പെടുന്നതായി ഒരുറിപ്പോർട്ട് സൂചിപ്പിക്കുന്നു. ഒട്ടേറെ ജീവജാലങ്ങൾക്ക് ഇതു മൂലം വംശനാശം സംഭവിക്കുന്നു. ഭൂമിയിൽ ലഭ്യമായ ജലത്തിന്റെ 97 ശതമാനം ഉപ്പുവെള്ളമാണെന്നിരിക്കെ കുടിവെള്ളത്തിന്റെ ലഭ്യത **വളരെ നിയന്ത്രണാതീതമായ ജലവിനിയോഗവും ജലമലിനീകരണവും മൂലം ശുദ്ധ ജലത്തിന്റെ അളവ് കുറയുകയും മനുഷ്യർ മലിനജലം ഉപയോഗിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു.**

**സ്വിതിൻ . എം .**
10 - B

# സമ്മാനപ്പെട്ടി

ഒരിടത്തോരിടത്ത് ഒരു സൂര്യവർമ്മൻ എന്ന് പേരുള്ള ഒരു രാജാവ് അദ്ധേഹം കടൽത്തീരത്തുള്ള സഫ്ടിക കൊട്ടാരത്തിലാണ് താമസം.അദ്ധേഹത്തിന് ചന്ദ്രമതി എന്നു പേരുള്ള ഒരു പുത്രിയുണ്ട്.പുത്രി അകലെയുള്ള മഗധപുരയിലെ അലൻ രാജകുമാരനുമായി ഇഷ്ടത്തിലായി.ബുദ്ധിമാനായിരുന്നു അലൻ. വിവരങ്ങളറിഞ്ഞ രാജാവ് കുമാരനെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. അലനെ പരീക്ഷിക്കാൻ തീരുമാനിച്ചു. അയാൾ ഒരു ദയാലുവായിരുന്നാൽ മാത്രമേ നിന്നെ ഞാൻ അയാൾക്ക് നൽകുകയുള്ളൂ. അലൻ സൽ സ്വഭാവിയ്ണെങ്കിൽ കൊട്ടാരത്തിലെ എല്ലാവർക്കും സമ്മാനം കൊണ്ടുവരും. അലൻ പോയി. സ്വർണ്ണ വർണ്ണമുള്ള കപ്പലിൽ ഒരു പെട്ടയിൽ എല്ലാവർക്കും സമ്മാനവും കൊണ്ട് അലൻ കടൽ മാർഗ്ഗം യാത്രയായി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ കടലിൽ ഒരു സ്വർണ്ണ കപ്പൽ ഒഴുകി വരുന്നതു കണ്ടു. കുമാരിക്ക് സന്തോഷം അടക്കാനായില്ല. കടൽ ഇളകി മറിയാൻ തുടങ്ങി. കപ്പൽ ഒഴുക്കിൽപ്പെട്ട് ദിശയറിയാതെ ഉഴറി. ഏതു കാലാവസ്ഥയേയും മറി കടക്കുന്ന കുമാരിയുടെ കക്കത്തോട് കപ്പൽ കടലിൽ ഇറക്കി. രണ്ടു സുഹൃത്തുക്കളെ കയറ്റി വിട്ടു.അവർ തിരഞ്ഞ് പിടിച്ച് കുമാരനെ രക്ഷിച്ചു.കുമാരന്റെ സമ്മാനപ്പെട്ടി സുഹൃത്തുക്കൾ എടുത്ത് തുറന്നു നോക്കാൻ പോയതും വെള്ളത്തിൽ വീണു.ശൂന്യനായി സഫ്ട്ക കൊട്ടാരത്തിലേക്കു പോയി.കുമാരി ഉടനെ സമ്മാനപ്പെട്ടി നൽകി.പെട്ടി തിരിച്ചു കിട്ടിയ കുമാരൻ എല്ലാവർക്കും സമ്മാനം നൽകി. അങ്ങനെ സൂര്യവർമ്മ രാജാവ് ചന്ദ്രമതികുമാരിയെ അലൻ

കുമാരലൻ വിവാഹം ചെയതു കൊടുത്തു.അവർ പിന്നെ വളരെ സന്തോഷത്തിൽ ഒന്നിച്ചു താമസിച്ചു.

**രിഷൻ.കെ.വി**
10-A , Roll No.34

# ലയണ്ണൽ മെസ്സി

1987 ജൂൺ 24 ന് അർജന്റീനയിൽ ജനിച്ചു. 9ാം വയസ്സ് തൊട്ട് ഫുട്ബോൾ കളിക്കുന്ന മെസ്സി 11ാംവയസ്സിൽ പോളിയോ ഉണ്ടെന്ന് അറിഞ്ഞ് തളർന്നില്ല. 12ാം വയസ്സിൽ ബൂട്ടു കെട്ടി മെസ്സി കളിക്കളത്തിലേക്ക് ഇറങ്ങി. 12ാം വയസ്സിൽ അർജന്റീന വിട്ട് സ്പെയിനിലേക്ക് പോയ മെസ്സി ബാർസിലോന എന്ന ക്ലബിൽ ചേർന്നു. ഫുട്ബോളിന്റെ മാന്ത്രികനായി ഇപ്പോഴും ആരാധകരുടെ മനസ്സിൽ മെസ്സി ജീവിക്കുന്നു. ഇപ്പോഴും ഫുട്ബോളിൽ മെസ്സിയുടെ റെക്കോർഡുകൾ തകർക്കാനാവാതെ സ്വർണ്ണ ലിപികളിൽ എഴുതിയിട്ടുണ്ട്. ഇനി മെസ്സിയെ പോലൊരു ഇതിഹാസം ഉണ്ടായിയെന്നു വരില്ല. ഈ മാന്ത്രികന് 5 സ്വർണ്ണ പന്തുകളും 5 സ്വർണ്ണ ബൂട്ടുകളും സ്വന്തമായിട്ടുണ്ട്. ഇപ്പോഴും എപ്പോഴും ജീവിക്കുന്ന പ്രതിഭാസമായി മെസ്സി മായാത്ത ഓർമ്മയായി ആരാധകരുടെ മനസ്സിൽ നിറഞ്ഞ് നിൽക്കുന്നു.

അഭയ് രാജ്

*9 – B , Roll N:1*

# സുധാചന്ദ്രൻ

1964 സെപ്റ്റംബർ 21ന് ജനിച്ചു. ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ക്ലാസിക്കൽ നർത്തകരിലൊരാളാണ് സുധാചന്ദ്രൻ. 1982-ൽ ഒരു അപകടത്തിൽ കാൽ നഷ്ടപ്പെട്ടു. അന്തർ ദേശീയ തലത്തിലും, ഭാരതത്തിലും,ഭരതനാട്യം അവതരിപ്പിച്ച സുധാചന്ദ്രന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ ചലച്ചിത്ര വ്യവസായത്തിൽ സുധാചന്ദ്രന് ലഭിച്ചുകൊണ്ടിരിക്കുന്ന ആദരവ് വളരെ വലുതാണ്. ടെലിവിഷൻ രംഗങ്ങളിലും സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നിരവധി റിയാലിറ്റിഷോകളിലും ജഡ്ജായി പ്രവർത്തിക്കുന്നു.

സിനാൻ യേശുദാസ്
9-B, roll no: 27

# ചോട്ടു

പന്ത്രണ്ടു വർഷം മുന്നേ
ഒരു തൃക്കാർത്തിക ദിനത്തിൽ അഞ്ഞൂറ് രൂപയ്ക്കു എന്ന് പറഞ്ഞു ഒരു പ്രത്യേക കൗതുക വസ്തുവിനെയും കൊണ്ട് മകൻ ഓടി വന്നു. വന്നപാടെ എന്താണെന്ന് തിരക്കാൻ അവസരം തരാതെ ,എന്റെ മടിയിൽ വച്ച് തരുന്നു, ചൂട് തോന്നുന്ന, അനക്കമുള്ള, പഞ്ഞിക്കട്ട പോലുള്ള ,പതുപതുത്ത എന്തോ ഒന്ന്.
പറഞ്ഞറിയിക്കാൻ പറ്റാത്ത സ്നേഹ വായ്പ്പോടെ അവനെ ഞാൻ മാറോടു ചേർത്തു.

ഒരു  കൊച്ചുനായ്ക്കുട്ടി .എന്നിലേക്ക് എത്താൻ വെമ്പൽ കൊണ്ടപോലെ അവനും ആ ചൂടിൽ ഒരു നിമിഷം അനുസരണയോടെ കിടന്നു.തികച്ചും അപ്രതീക്ഷിതമായി കിട്ടിയ ആ കുഞ്ഞിന് നല്ല കറുത്ത മുന്തിരി കണ്ണുകൾ നന്നേ ചേരുന്നുണ്ടായിരുന്നു.വീണ്ടും വീണ്ടും ചേർത്തണച്ചപ്പോൾ അവന്റെ സുരക്ഷിതാവസ്ഥയും എന്റെ സംരക്ഷണ ചുമതലയും രണ്ടുപേർക്കും മനസ്സിലായി.

ഇതിനിടയിൽ എന്റെ ഉള്ളം കൈയിൽ നിന്ന് അവൻ തരക്കലരി ചോറ് (കാര്ത്തിക കഞ്ഞി)പൂർണ

വിശ്വാസത്തോടെയും സംതൃപ്തിയോടെയും കൊതി തോന്നും വിധം കഴിച്ചു തുടങ്ങി.

അന്നവന് ഒരു കണ്ണിൽ നിന്ന് കണ്ണ് നീർ ഒഴുകുന്നുണ്ടായിരുന്നു.അത് അവന്റെ സങ്കടമായാണ് എനിക്ക് തോന്നിയത്.
(കണ്ണിൽ കരട് പോയതോ,മറ്റ് നായ്ക്കുട്ടികള് കളിക്കുമ്പോള് കൈ കണ്ണില് കൊണ്ടുപോയതോ ആകാം)

കൈ ഉയർത്തി ഫോട്ടോയ്ക്ക് പോസ് ചെയ്തും പൂച്ചകുട്ടിയുടെ കൂടെ പന്ത് ഉരുട്ടിയും കളിച്ചും കുസൃതി കുറുമ്പൻ ആയി അവൻ വളർന്നു.

ആദ്യമൊക്കെ കട്ടിലിനു താഴെ, കൈ എത്തും അകലത്തിൽ വിരിച്ചും പുതപ്പിച്ചും അവനെ ഉറക്കി. അവൻ ഒന്ന് അനങ്ങിയാൽ,കൈ കൊണ്ട് തട്ടി ഉറക്കിയും മൂളിയുറക്കിയും അവനെ വളർത്തി. ബുദ്ധി ഉറക്കുന്നതനുസരിച്ച ,തറ തണുക്കുമ്പോൾ വിരിപ്പ് വലിച്ചു കൊണ്ട് പോയി ടി വി സ്റ്റാന്റിന്റെ താഴത്തെ തട്ടിൽ വിരിച്ചു കിടക്കാൻ മാത്രം പക്വതയിലെത്തി.

അല്പം കൂടെ വളരുമ്പോഴേക്കും കട്ടിലിൽ എത്തിപിടിച്ചു കരച്ചിൽ തുടങ്ങി.അങ്ങിനെ അവൻ പുറത്തു യജമാന സ്നേഹമുള്ള, ഉത്തരവാദിത്വ ബോധമുള്ള , യുവാവായി മാറി.

കോഴികളും മുട്ടയും വീട്ടിൽ സുലഭമായി ഉണ്ടായിരുന്ന കാലം.അതിനു കാരണവും അവനേറ്റെടുത്ത സംരക്ഷണ ചുമതലകളിൽ ഒന്നാണ്.കോഴിക്കൂട്ടിൽ കയറി മുട്ട എടുത്തു കൊണ്ട് വന്ന് സസൂക്ഷ്മം പൊട്ടിച്ചു കുടിക്കുന്നത് കാണാൻ കൗതുകമുള്ള ഒരു കാഴ്ചയാണ്.അതുകൊണ്ടു തന്നെ അതൊരു മോഷണം ആയി അവനും തോന്നിയിട്ടേ ഇല്ല.ചിലപ്പോഴൊക്കെ കോഴിയെ പിടിച്ചു തരാൻ അവൻ സഹായിക്കാറുണ്ട്.കൈ കൊണ്ട് പൊത്തിപ്പിടിച്ചു കാത്തിരിക്കും.കോഴിയും വലുതായൊന്നും പേടിക്കാതെ ഞങ്ങൾ എത്തുന്നതുവരെ അനുസരണയോടെ അടങ്ങികിടക്കും.മുട്ടയ്ക്ക് പാടുന്ന കോഴിയെ ആണെന്നോർക്കണം.

സുരക്ഷിതമായി മുട്ടയിട്ടു പുറത്തിറങ്ങുന്നതും അവന്റെ നിരീക്ഷണത്തിലാണ്.

ആ കാലഘട്ടം ഒക്കെ കഴിഞ്ഞു, ഇന്നും കൊതിയോടെ ആ കാലം അവൻ ഓർക്കുന്നുണ്ടാകും.

അഴിച്ചു വിട്ടാൽ അയൽ പക്കങ്ങളിലെ സന്ദർശനം കഴിഞ്ഞു തിരിച്ചെത്താറുള്ള അവന്റെ പേരിൽ ഒരു ദിവസം ഒരു പരാതി,കോഴിക്കൂട്ടിൽ നിന്ന് മുട്ട മോഷ്ടിക്കുന്നു.അതു കേട്ടു നില്കുന്ന അവന്റെ മുഖത്തെ ജാള്യത ഞാൻ കണ്ടു.

സംസാരത്തിലൂടെ ഏകദേശം ചില വാക്കുകളും ശബ്ദ വ്യതിയാനങ്ങളും തിരിച്ചറിഞ്ഞു കാര്യങ്ങൾ മനസ്സിലാക്കാൻ അവനു സാധിക്കും. നാണക്കേട് പറ്റിയാൽ ,ആരാണോ കളിയാക്കി ചിരിച്ചത്,അയാളെ കയറിപിടിച്ചും തള്ളിയും, വേണ്ടിവന്നാൽ,അയാൾ അഴിച്ചു വെച്ച ചെരുപ്പ് റോഡിലേക്കും തിരിച്ചും പല തവണ കളിപ്പിച്ച് ,പിന്നാലെ പോകുംവരെ ഓടിച്ച്, എടുത്തുകൊണ്ടോടും.ഏതായാലും മുട്ട മോഷണം ആണ് എന്ന് നാണക്കേടോടെ അന്നവൻ മനസ്സിലാക്കി,പിന്നീട് ആവർത്തിച്ചില്ല.

നാണക്കേട് പറ്റിയ രസകരമായ ഒരു സന്ദർഭം ഇതാ.അഴിച്ചു വിട്ടാൽ പല അടവും വേണം കെട്ടാനോ കൂട്ടിൽ കയറ്റാനോ .അകത്തെ ബഹളം,അടിപിടി ആയാലോ,തമാശ ആയാലോ , അവനിഷ്ടപെട്ട അയൽവാസികൾ അകത്തുണ്ടെങ്കിലോ അവനും ഓടിക്കയറി അകത്ത് എത്തും.അടിപിടി ആണെങ്കിൽ ശാസിച്ചുകൊണ്ടു ഓടിക്കയറി രണ്ടു കൈ കൊണ്ടും എത്തിപ്പിടിച്ച് ഒരാളുടെ കൈ പിടിച്ചു മാറ്റാൻ ശ്രമിക്കും.
ഒരിക്കൽ ഓടിക്കയറിയ അതേ വേഗതയിൽ തിരിച്ചോടിച്ചപ്പോൾ വരാന്തയിലെ ചവിട്ടുപായ വഴുതി പായയോടൊപ്പം അവനും മുറ്റത്തേക്ക് തെറിച്ചു വീണു.എല്ലാവരും ചിരിച്ചപ്പോൾ പറ്റിയ നാണക്കേട് മറികടക്കാൻ അവൻ എന്ത് ചെയ്തെന്നോ,ആ ചവിട്ടു പായയും വലിച്ചു കൊണ്ട് ഓടുകയാ വീടിനു ചുറ്റും . ഒന്നല്ല രണ്ടു

മൂന്നു പ്രാവശ്യം ഓടി.വീണ്ടും ചിരിയുടെ പോടി പൂരം.

സഹിക്ക വയ്യാതെ അവൻ കൂടുതൽ ചിരിച്ചവന്റെ ചെരുപ്പും കൊണ്ട് റോഡിലേക്കു ഓടി എവിടെയോ കൊണ്ടിട്ടിട്ടു തിരിച്ചു വന്നു.അപ്പോഴേക്കും ചിരി മാറിയ ആശ്വാസത്തിൽ അവനും ക്ഷീണം തീർക്കാൻ മുറ്റത്തു കിടന്നു.

ആരെയും ഒരിക്കൽ പോലും ദ്രോഹിച്ചിട്ടില്ലാത്ത അവൻ, പരിചയക്കാരെയും ബന്ധുക്കളെയും സംസാരത്തിലൂടെ തിരിച്ചറിഞ്ഞു. സഹതാപം അർഹിക്കുന്ന അപൂർവം ചില പിച്ചക്കാരെ പോലും സ്വീകരിച്ചുകൊണ്ട്, വീട്ടുകാർ പുറത്തിറങ്ങുന്നത് വരെ അവനും കാത്തിരിക്കും.ലക്ഷണം നോക്കി ചിലരെയൊക്കെ അവൻ വിരട്ടാറുമുണ്ട്.

ചെറിയ കുട്ടികൾ വീട്ടിൽ വന്നാൽ
,ആരായാലും,അവരോടൊപ്പം, അല്പം മാറി നിന്ന് ,
(പേടിക്കേണ്ടെന്ന് അവന് തന്നെ
ബോധ്യപ്പെടുത്തിക്കൊടുക്കും,)തിരിച്ചു പോകുമ്പോള് ഗേറ്റ് വരെ പോയി ,കടന്നു പോകാൻ മാത്രം,വഴി വിട്ട് കൊടുത്ത് ,(അവന്റെ ചിരി എന്ന് ഞങ്ങൾ വിശേഷിപ്പിക്കാറുള്ള ,വായ അല്പം തുറന്ന ഭാവത്തോടെ), കണ്ണിൽ നിന്ന് അകലുന്നത് വരെ അവരുടെ സംരക്ഷണ ചുമതലയോടെ നോക്കിനിൽക്കാറുണ്ട്.

ഇളയ മകൾ സ്കൂളിലേക്ക് പോകുമ്പോൾ
ബസ്റ്റോപ്പ് വരെ എന്നും കൊണ്ടു വിടാനുള്ള
ഉത്തരവാദിത്തം അവന്റേതായിരുന്നു. ഒരു ദിവസം ,ഇവർ
നടന്നു പോകവേ
പരിചയമുള്ള ഒരാൾ അവളെ ബൈക്കിൽ
കയററി.അവനിൽ ഞങ്ങൾക്കുള്ള വിശ്വാസവും ഞങ്ങൾ
അവനെ ഏൽപ്പിച്ച ഉത്തരവാദിത്വത്തിന്റെ ഗൗരവവും നന്നായി
അറിയാവുന്ന അവളുടെ ചോട്ടു,(അവളാണ് പേരിട്ടത്) സർവ
ശക്തിയും എടുത്ത്  ബഹളം വെച്ചുകൊണ്ട് പിന്നാലെ കുറേ ദൂരം
ഓടി ബൈക്ക് തടഞ്ഞു നിർത്തി,അവളെ ഇറക്കി. ഇറക്കി കിട്ടിയ
സമാധാനത്തിൽ യാതൊരു പരിഭവവുമില്ലാതെ അല്പം കൂടെ
ചേർന്ന് ചേർന്ന് നടത്തി സുരക്ഷിതമായി ബസ് കയററി വിട്ട്
തിരിച്ചെത്തി.(എന്നും ബസ് വരുന്നതുവരെ അവന് ശ്രദ്ധാ
പൂർവം അവളോട് ചേർന്നിരിക്കും).വന്ന്, കമിഴ്ന്ന് കിടന്ന് ,മുഖം
,തറയോട് ചേർത്ത് വച്ച് ,കണ്ണുകൾ ചിമ്മി തുറന്നുകൊണ്ട് ആ
അനുഭവം അവന് ഓർത്തു കിടന്നിട്ടുണ്ടാകാം.
വീട്ടിൽ അവളെ ഒററയ്ക്ക് ഇരുത്തേണ്ടി വന്നാൽ, അവനോട്
``എന്റെ മോളെ നോക്കണേ'' എന്ന് ഏൽപ്പിച്ചാൽ മതി .
പഠിക്കുന്ന മുറിയിൽ ആയാൽ പോലും ഞങ്ങൾ വരുന്നതുവരെ
അവൻ കൂടെ ഉണ്ടാകും.
(കോളേജിൽ പഠിക്കുന്ന അവൾ ,അവന്റെ കണ്ണിൽ ഇന്നും
കുട്ടിയാണ്.പക്ഷേ മാസത്തിൽ ഒന്നോ രണ്ടോ തവണ അവധി

ദിവസങ്ങളിൽ വീട്ടിൽ വരാറുള്ള അവൾ ചിലപ്പോൾ യാത്ര പറയാൻ വിട്ടു പോയാൽ കണ്ണിറുക്കി കാട്ടികൊണ്ട് അവന്റെ സങ്കടം എന്നെ അറിയിക്കും.)

ഒരു ദിവസം സന്ധ്യാ സമയത്ത് ഞങ്ങൾക്ക് എല്ലാവർക്കും കൂടെ ഒരു യാത്ര പോകാനുണ്ടായിരുന്നു. രണ്ടു മൂന്നു മണിക്കൂർ കൊണ്ട് തിരിച്ചെത്താവുന്നതാണ് . എല്ലാവരും വണ്ടിയിൽ കയറാൻ നേരം ഇങ്ങനെ പറഞ്ഞു``വരാൻ ഇരുട്ടാകില്ലെ , ചോട്ടുവിനെ കെട്ടിയിട്ടാൽ ശരിയാകില്ല ,തുറന്നു വിട്ടതിനാൽ ഇവൻ ഗേററ് അടക്കാനും വിടില്ല,എന്താ ഇപ്പോ ചെയ്യുക'' പറഞ്ഞു തീർന്നതും , അവന് അതുവരെ ചെയ്യാത്ത ഒരു കാര്യം ചെയ്തു. ഓടി വരാന്തയിലെ അരഭിത്തിയില് കയറി , നട്ടെല്ലുയർത്തി ,തലയുയർത്തി ഒരിരുപ്പാണ്.എന്താ അവനുദ്ദേശിച്ചത് എന്ന് മനസ്സിലായല്ലോ, ധൈര്യ പൂർവം പോയി വരു,ഞാൻ ഏററു എന്നല്ലെ ? ശരിയാണ്,ഞങ്ങൾ തിരിച്ചു വരുമ്പോഴേക്കും അവന് അവിടെ തന്നെ ഉണ്ടായിരുന്നു, കാത്തിരുന്ന് കാത്തിരുന്ന് പാവം ഉറങ്ങിപോയി.വണ്ടിയുടെ ശബ്ദം കേട്ട് ചാടി ഇറങ്ങുകയായിരുന്നു.

ഇന്നിപ്പോൾ അവൻ കാണിക്കുന്ന സ്നേഹത്തിന്റെ ആഴം അളക്കാൻ ഒരളവ് കോലിനും സാധ്യമല്ല.ഒരു മനുഷ്യ സ്നേഹത്തിനും പകരം വെക്കാനാകില്ല.

ഒന്ന് പുറത്തിറങ്ങിയാൽ എന്റെ കാൽച്ചുവടുകളെ

പിന്തുടരുന്നുണ്ടാകും,ഞാൻ പോലും അറിയാതെ, ആ രണ്ടു

കണ്ണുകൾ.ഇരുട്ടിയ സമയമാണെങ്കിൽ എന്നെക്കാൾ അതീവ

ജാഗ്രത ഈ കാര്യത്തിൽ അവന്റെ കണ്ണിൽ നമുക്കു കാണാൻ

സാധിക്കും.

ഉത്തരവാദിത്വം, മകന്റെ കല്യാണ ദിവസത്തിലെ വീഡിയോ.

ഒരു കാരണവരെപ്പോലെ

കാറു വരെ കല്യാണച്ചെക്കനെ അനുഗമിച്ച് യാത്ര അയക്കുന്നത്

ആരാലും തടസ്സപ്പെടുത്താതെ പിടിച്ചിട്ടുണ്ട്.

വർഷത്തിൽ ഒന്നോ രണ്ടോ ആഘോഷ  വേളകളിൽ മാത്രം
നാട്ടിൽ എത്തുന്ന മകനെയും മകന്റെ ഭാര്യയേയും ഇതേ സ്നേഹ
വായ്പ്പോടെ അവൻ സ്വീകരിക്കും.
തിരിച്ചു പോകുമ്പോൾ ,അവനോട് യാത്ര പറഞ്ഞില്ലെങ്കിൽ,
തറയോട്ടു ചേർന്ന്, കമിഴ്ന്ന് കിടന്ന് ,ദയനീയമായി കണ്ണിറുക്കി
കാട്ടിക്കൊണ്ട് ,എന്റെ മുഖത്തേക്കു നോക്കി കിടക്കുന്ന കാഴ്ചയും
വേദനാജനകം തന്നെ.എല്ലാവരും പോയി ,അല്ലേ എന്നൊരു
ചോദ്യവും ആ ദയനീയ ഭാവത്തിൽ കാണാം

ഒരു രാത്രിയിൽ വിഷപ്പാമ്പിനെ കണ്ട്,ആരെയും പുറത്തിറങ്ങാൻ

വിടാതെ ബഹളം വെച്ചതും നല്ലൊരോർമ്മ.

അവന്റെ കുളത്തിലെ കുളി സീൻ വീഡിയോ.
വേനൽക്കാലത്ത് ദിവസം രണ്ട് മൂന്നു തവണ എങ്കിലും അവന് കുളിക്കണം.
വെള്ളം വറ്റാറായി,ഉപേക്ഷിച്ച കുളങ്ങളിൽ ഇറങ്ങി ഒരുവട്ടം കറങ്ങി ,പായൽ നീക്കിയാണ് കുളി.
ഈ കുളി തുടങ്ങിയതിന് പിന്നിലെ ഒരനുഭവ കഥയുണ്ട്.ഒരിക്കൽ അമ്പല പരിസരത്ത് വീട്ടിലെ കുട്ടികളുടെ കൂടെ സംസാരം കേട്ടുകൊണ്ടിരിക്കുമ്പോൾ,കൂട്ടത്തിലൊരാൾ ചോട്ടുവിനെ `നാറുന്നു' എന്ന് കളിയാക്കി.
നിമിഷ നേരം കൊണ്ട് അവൻ അമ്പല കുളത്തിലിറങ്ങി,ഒന്ന് മുങ്ങിനിവർന്ന് തിരിച്ചെത്തി എല്ലാവരെയും അത്ഭുതപ്പെടുത്തി.പിന്നീടത് രാവിലെ അമ്പലഓഫീസിലേക്ക് വീട്ടിൽ നിന്നിറങ്ങുന്ന ഗൃഹനാഥന്റെ കൂടെ പോകുമ്പോൾ കുളത്തിൽ (തല ഒഴികെ)മുങ്ങി നിവരുന്നത് ശീലമാകുമ്പോൾ ആചാര ലംഘനമാണെന്ന് തോന്നി അവൻറെ സ്വതന്ത്ര ജീവിതത്തിന് ചങ്ങലയിട്ടു മാറ്റിയെടുത്തു.നാട്ടിൽ വേറെയും കുളങ്ങളുള്ളതിനാൽ വേനൽക്കാലത്ത് കുളി മുടക്കാറില്ല.

സ്കൂളിലേക്കുള്ള വഴിയിലെ മറക്കാനാകാത്ത രണ്ടു മൂന്നു സംഭവങ്ങൾ

പതിവുപോലെ അന്നും ആ അബദ്ധം പറ്റി,അവനെ കെട്ടാൻ മറന്നു.തിരിച്ചു പോകാൻ പലതവണ പറഞ്ഞെങ്കിലും അവൻ അനുസരിച്ചില്ല.അന്നൊന്നും വഴിയിലെ കടയിൽ നിന്ന് ബിസ്കറ്റ് പായ്ക്കറ്റോ മുട്ടയോ ശീലമാക്കിയിരുന്നില്ല.നടന്ന് നടന്ന് ഞങ്ങൾ സ്കൂൾ വരെ എത്തി. വരാന്തയിലെ ഗേററ് അടക്കാൻ

ദൂരെ നിന്നു തന്നെ കുട്ടികൾക്ക് നിർദ്ദേശം നൽകി..നിരീക്ഷണവും ചിന്തയും തീരുമാനവും ഒന്നിച്ച് പ്രാവർത്തികമാക്കി, അവൻ ,മറുവശത്തു കൂടെ ഓടിപ്പോകുന്ന
ബൈക്കിനു പിന്നാലെ ഓടി അകത്തേക്കുള്ള വഴി കണ്ടെത്തി.എൻറെ സാന്നിദ്ധ്യം ഉണ്ടാകാറുള്ള സ്ഥലങ്ങളിലെല്ലാം ചുരുങ്ങിയ സമയം കൊണ്ട് അവൻ ഓടിയെത്തി,തിരിച്ച് സ്ററാഫ് റൂമിലേക്ക്.
അന്നവൻ നല്ല വലുപ്പവും ആരോഗ്യവും ഉണ്ട്,എന്നാൽ എളിമയാർന്ന ,സ്നേഹം തുളുമ്പുന്ന, അനുസരണയുള്ള കണ്ണുകളെ തിരിച്ചറിയുന്നവർക്ക് ഭയക്കാനില്ല.
അവനെ തിരിച്ചു വീട്ടിൽ എത്തിക്കാതെ മററു വഴിയില്ല.ബാഗും മേശപ്പുറത്ത് വച്ച് തിരികെ വീട്ടിലേക്ക്.  സ്കൂളിലേക്ക് പോകുന്ന സഹപ്രവർത്തകർ `ടീച്ചറിനെ കാണുമ്പോൾ കടവരാന്തയിലെ ഒരു പറ്റം പട്ടികൾ എന്തിനാ എഴുന്നേററു നിൽക്കുന്നത് എന്ന് അടുത്തെത്തിയപ്പൊഴാ മനസ്സിലായത്' എന്ന് . കാരണം അവൻ തന്നെ ആ നിമിഷം അറിയിച്ചു കൊടുത്തു. പന്നീട് വഴിയിൽ അതുവരെ കാണാത്ത ,അവേനക്കാൾ വലിയ ഒരു പട്ടിയെയും ,കോഴിയെ മോഷ്ടിച്ചു കൊണ്ടോടുന്ന മറ്റൊരു പട്ടിയെയും,ഓടി അടുക്കുന്ന ഒരു പറ്റം പട്ടികളെയും കണ്ടെങ്കിലും `ചോട്ടൂ ,വേണ്ടാ , ' എന്നു പറഞ്ഞ്  അനുനയിപ്പിച്ച് ഒരുവിധം വീട്ടിൽ എത്തിച്ചു.അന്നാണ് അവൻറെ അനുസരണ എനിക്ക് അഭിമാനമായി അനുഭവപ്പെട്ടത്.

ഒരു പററം നായ്ക്കൾ അക്രമിക്കാൻ തയ്യാററായി വന്ന മറ്റൊരു ദിനം, എന്നെപ്പോലും ആശ്ചര്യപ്പെടുത്തി നിന്ന നിൽപ്പിൽ അപ്രത്യക്ഷമായി രക്ഷപ്പെട്ട രസകരമായ അനുഭവം.

ബലപരീക്ഷണത്തിന് ഒരുമ്പെടുന്നതിനേക്കാൾ തന്ത്ര പൂർവം രക്ഷപ്പെടുന്നതാണ് ബുദ്ധി എന്നവൻ ഒരു നിമിഷം കൊണ്ട് കണക്കു കൂട്ടി ,എനിക്ക് ഒരു സൂചന പോലും തരാതെ ,ഒരു പൊടി പോലും അവശേഷിപ്പിക്കാതെ ,ഒരു മാജിക്ക് പോലെ അപ്രത്യക്ഷമായ അനുഭവം.
കെട്ടാൻ മറന്നു പോയ ആ ദിവസം,തിരിച്ചു പോകാൻ തയ്യാറാകാതെ , വഴിയിൽ ആദിപത്യം സ്ഥാപിച്ചു കൊണ്ട് ,അവൻ മുന്നേറുകയാണ്.റോഡിൻറെ ഇരുവശങ്ങളിലുമായി അവനെ കാത്തു നിൽക്കുംവിധം ആരോഗ്യമുള്ള  അഞ്ചാറ് നായ്ക്കൾ, എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കെ,എതിരെ ഒരു ഓട്ടോ കടന്നു പോയി .റോഡരികിലേക്ക് ഇടത് വശം ചേർന്ന് മാറി നിന്ന നായ്ക്കൾ ഓട്ടോയ്ക്ക് ശേഷം എന്നെ പകച്ചു നോക്കുകയാ.ചുറ്റും നോക്കിയ ഞാനും അവറ്റയും ഒരു നിമിഷം അന്തം വിട്ടു നിന്നു,പിന്നീടത് അടക്കാനാാത്ത ചിരി ആയി മാറാൻ അല്പ സമയം വേണ്ടി വന്നു.

ഇടത് വശത്ത് കൂടെ ആയിരുന്നു ഞങ്ങൾ അന്ന് നടന്നത്.എതിരെ വന്ന ഓട്ടോ വലത് വശത്തു കൂടെ ഞങ്ങളുടെ വീടിന് നേരെ പിറകുവശത്തോട്ട് കടന്നുപോയതാ.ഇവനെന്തു സംഭവിച്ചു എന്ന ഒരു സൂചന പോലും അവിടെയില്ല.വലതു വശത്തുള്ള ഓവുചാലിൽ വീണോ എന്ന ഞെട്ടലോടെ അങ്ങോട്ടോടി,ഇല്ല,അവിടെയുമില്ല.ഈ സമയമാകുമ്പോഴേക്കും അവറ്റകൾ മുറുപ്പോടെ പിൻമാറി.പുറകോട്ടു വെറുതെ തിരിഞ്ഞു നോക്കിയപ്പോൾ കാണുന്നത് അങ്ങകലെ നിബിഢമായ രോമകൂപങ്ങളുള്ള വാലും കുലുക്കി, വലത്തോട്ട് വളവു തിരിയുന്ന ഓട്ടോയുടെ ഇടത് വശം ചേർന്ന്,അതേ വേഗതയിൽ

ഓടിക്കൊണ്ടിരിക്കുന്ന ചോട്ടുവിനെയാണ്..പിന്നീടാണ് എനിക്കും മനസ്സിലായത് ആ വശം ചേർന്ന് അതേ വേഗതയിൽ ഓടിയാൽ മാത്രമെ അപ്രത്യക്ഷമാകാനും രക്ഷപ്പെടാനും പറ്റൂ എന്ന്.

ഒരു കോഴി മുട്ടയും റോഡിലെ ബ്ളോക്കും.
സ്കൂളിലേക്കുള്ള വഴി മദ്ധ്യേ തിരിച്ചയക്കാനുള്ള തത്രപ്പാടിൽ ഒരു കോഴിമുട്ടയാണ് വാങ്ങിക്കൊടുത്തത്.പൊട്ടിപ്പോകാതെ സസൂക്ഷ്മം വായ്ക്കകത്താക്കി തിരിച്ചു നടന്നതാ അവൻ. (തിരിച്ചയക്കുമ്പോൾ എനിക്കും സങ്കടം തോന്നാറുണ്ട്.)അല്പം മുന്നോട്ട് പോയപ്പോൾ അവനും വിഷമം തോന്നിയിരിക്കും.എൻറെ പിറകെ ഓടിയെത്താൻ ശ്രമിച്ചപ്പോൾ മുട്ടവീണുടഞ്ഞുപോയി.അതും ഒരു കവലയിൽ.സ്കൂൾ സമയമായതിനാൽ,സ്കൂൾ ബസ്സുകളുടെ,നിലയ്ക്കാത്ത ഹോണടി. അവൻ(മുട്ടയുടെ വില അറിയുന്ന) ഒരു കൂസലുമില്ലാതെ,പൊട്ടിപ്പോയ മുട്ട മുഴുവനും നക്കികുടിച്ചു തീർത്തു.ഇവനെ സുരക്ഷിതമാക്കാൻ അത്രയും സമയം ഞാനും, എല്ലാവരുടെയും വഴക്കും കേട്ട്, അവിടുന്ന് മാറാതെ ,നിലയുറപ്പിച്ചു നിന്നു.

സ്കൂളിലേക്കല്ലാതെ അസമയത്ത് പുറത്തിറങ്ങിയാൽ അഴിച്ചു വിടാനും സംരക്ഷണ ചുമതല എറ്റെടുക്കാനും അവൻ ബഹളം വെക്കും.ഇന്നുവരെ അതേ ഉത്തരവാദിത്വത്തിൽ തുടരുന്ന എന്റെ ചോട്ടു, വർഷത്തിൽ ഒന്നോ രണ്ടോ ദിവസം വീട്ടിൽ എത്താറില്ല.ബഹളം വെച്ച് അഴിച്ചു വിട്ടുവിപ്പിക്കും .

പ്രതിരോധ കുത്തിവയ്പ്പ് കൂടാതെ നാലഞ്ചു തവണ മുറിവ് ഉണക്കാനും ഗ്ലൂക്കോസ് കയറ്റാനും അസുഖം വന്നതിനും ഡോക്ടർ വീട്ടിൽ വന്നിട്ടുണ്ട്.എന്തിനേറെ, ഇപ്പോൾ ഒരു മുറിവ് പറ്റിയാൽ, വീട്ടിലേക്കു വരുന്ന മാന്യനായ ഒരാളെ കണ്ടാൽ എഴുന്നേറ്റുനിന്ന് വാലാട്ടി അല്പം പരുങ്ങലോടെ ഒരു തരം മ്യൂസിക്കിൽ ഡോക്ടർ ആണോ എന്ന് ചോദിക്കും.

അസുഖം വന്ന് അമ്പല റോഡിൽ തെങ്ങിൻ തണലിൽ കിടന്നതും വാരി എടുത്തു കൊണ്ട് വന്നു കുളിപ്പിച്ചു ഓട്ടോയിൽ കൊണ്ടുപോയതും മറ്റൊരു അനുഭവം.
രണ്ടു ദിവസം ക്ഷീണം കാരണം അവൻ കൂട്ടിൽ നിന്ന് പുറത്തിറങ്ങാൻ മടിച്ചു,ഇറക്കാൻ ഞങ്ങളും. പിന്നീട് ആണ് കാണുന്നത് മൂത്രത്തിനു കടും ചുവപ്പ് നിറം.തൊട്ടടുത്ത മൃ ഗാശുപത്രിയിൽ എത്തിയപ്പോൾ ഡോക്ടർ മീറ്റിംഗിൽ,ബ്ലഡ് പോകുന്നുണ്ടെങ്കിൽ അതിന്റെ കാര്യം പോക്കാണ് എന്ന ആശുപത്രി ജീവനക്കാരുടെ നിഷ്കരുണമായ മുന്നറിയിപ്പും.വിങ്ങിപൊട്ടികൊണ്ടു എന്തെങ്കിലും സഹായം അഭ്യർത്തിച്ചപ്പോൾ അടുത്ത പഞ്ചായത്തിലെ ഡോക്ടറെ കാണിക്കാൻ. അന്വേഷിച്ചപ്പോൾ ഡോക്ടർ റെഡി .തളർന്നു തണുത്ത അവനെ വാരിയെടുത്തു അടുത്ത ബന്ധുവിന്റെ ഓട്ടോയിൽ കയറ്റി ,തൊട്ടു തലോടി , അങ്ങോട്ടുപോയി.സ്നേഹനിധിയായ ലേഡി ഡോക്ടർ ഗ്ലൗസ് ഇടാത്ത കൈയിൽ ചോര പുരണ്ടിട്ട് പോലും (കുത്തിവയ്പ്പിനിടയിൽ) യാതൊരു അറപ്പും ഇല്ലാതെ കൈകഴുകി, മരുന്ന് കുറിച്ച്.രണ്ടു തവണ ഒരേ ഓട്ടോയിൽ കൊണ്ടുപോയി.തിരിച്ചു വരുമ്പോഴേക്കും അവൻ കൂടുതൽ

ഊർജ്ജസ്വലനാകും.അതുകഴിഞ്ഞ ഒരു ദിവസം ബന്ധുവായ ആ ഓട്ടോഡ്രൈവർ വീട്ടിൽ വന്നു.ഇവൻ ബഹളം വെച്ച് കൂട്ടിൽ നിന്ന് ഇറക്കി.അകത്തേക്കു ഓടിവന്ന് അയാൾക്കു മുന്നിൽ ഇരുന്ന് രണ്ടു കൈ കൊണ്ടും കാലുകൾ ചുറ്റിവരിഞ്ഞു മുഖത്തുനോക്കി പല ശബ്ദങ്ങളിലൂടെ നന്ദി പറയുന്ന രംഗം കാണേണ്ടത് തന്നെയാണ്. ആർക്കും ഒരു തേങ്ങൽ ഉയരാതിരിക്കില്ല.പിന്നീട് പല തവണ അയാൾ വരുമ്പോഴും പോകുമ്പോൾ പോകേണ്ടെന്നും അവൻ അവന്റെ നിഷ്കളങ്കമായ സ്നേഹഭാഷയിൽ വിളിച്ചറിയിക്കുന്നുണ്ടാകും.
എന്നെങ്കിലും ആ ലേഡി ഡോക്ടറെ കാണാനും അവൻ കോതിക്കുന്നുണ്ടാകും.

മുറിവേറ്റാൽ ആദ്യം വന്നു കാണേണ്ട ഡോക്ടറെ അവനു നന്നായറിയാം,മറ്റാരുമല്ല,അവനെ ഇവിടെ കൊണ്ടുവന്ന അവന്റെ യഥാർത്ഥ യജമാനൻ.
ആ യജമാന സ്നേഹത്തെപ്പറ്റി പിന്നീടൊരിക്കൽ ആകാം.

രോഹിണി ടീച്ചർ

# കരൾ മോഹം

പൂങ്കാവനം എന്ന കാട്ടിൽ രണ്ട് കൂട്ടുകാരുണ്ടായിരുന്നു. ഒരു മുതലയും കുരങ്ങനും. രണ്ടു പേരും ഉറ്റ ചങ്ങാതിമാരായിരുന്നു. മുതലയ്ക്ക് ഒരു മോഹമുണ്ടായിരുന്നു, കുരങ്ങന്റെ കരൾ തിന്നണ മെന്ന്. അതിനായി മുതല കുരങ്ങനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. മുതലയുടെ വീട് അക്കരെയായിരുന്നു. അതിനായി മുതല കുരങ്ങനെ വഹിച്ചുകൊണ്ട് പോകുമ്പോൾ മുതല "ചങ്ങാതി എനിക്ക് നിന്റെ കരൾ തിന്നണം"എന്ന് പറഞ്ഞു. കുരങ്ങന് കാര്യം മനസ്സിലായി.എന്നിട്ട് കുരങ്ങൻ പറഞ്ഞു"ചങ്ങാതി ക്ഷമിക്കണം എന്റെ കരൾ മരത്തിൽ വെച്ച് മറന്നു."ഇത് കേട്ട ഉടനെ  മുതല തിരിഞ്ഞ് കുരങ്ങന്റെ മരത്തിനടുത്തേക്ക് പോയി. മരത്തിനടുത്ത് എത്തിയപ്പോൾ കുരങ്ങൻ കരയിലേക്ക് എടുത്തു ചാടി. എന്നിട്ട്പറഞ്ഞു" മണ്ടച്ചാരേ ബുദ്ധിയുള്ളവരെ പറ്റിക്കാൻ കഴിയില്ല."


മുഹമ്മദ് ശർവാൻ
9 – B
Roll No : 21

# അതിബുദ്ധിമാനായ മുയൽ

ഒരിടത്ത് ഒരു കാട്ടിൽ ഒരു മുയൽ ഉണ്ടായിരുന്നു. അതേ കാട്ടിൽ രാജാവായി ഒരു സിംഹം ഉണ്ടായിരുന്നു. ഒരിക്കൽ മുയൽ സിംഹത്തിൻെറ മുമ്പിൽ പെട്ടു. സിംഹം പറഞ്ഞു," ഇന്ന് നീ എൻെറ വയറ്റിൽ ആവും", മുയൽ പറഞ്ഞു," അങ്ങയെ പോലുള്ള ഒരാൾ ഈ കാട്ടിലുണ്ട് അയാൾ അങ്ങയെക്കാളും ബലവാനാണ് ".എന്ത് ? , "എന്നെക്കാളും ബലവാനൊ!". അവൻ എവിടെയുണ്ട് ?.കാണിച്ച് തരുമൊ?. മുയൽ,ശരി കാണിച്ചു തരാം... മുയൽ സിംഹത്തെ കൂട്ടി ഒരു കിണറ്റിൻെറ അടുത്ത് പോയി. മുയൽ പറഞ്ഞു ഈ കിണറ്റിൽ ഉണ്ട്. സിംഹം നോക്കിയപ്പോൾ അതിൻെറ പ്രതിബിംഭം കണ്ടു.സിംഹം അലറിയപ്പോൾ അതേ സ്വരത്തിൽ ആ ശബ്ദം പുറത്തേക്ക് പ്രതിഫലിച്ചു. പിന്നെ സിംഹം ഒന്നും നോക്കിയില്ല ഒറ്റചാട്ടം കിണ്ണറ്റിലേക്ക്,വെള്ളത്തിൽ മുങ്ങി സിംഹം ചത്തു .ഈ സമയം മുയൽ ഓടി രക്ഷപ്പെട്ടു.

സിയാദ് അബ്ദുൾ മജീദ്
9 – B
Roll No : 31

# ചിത്രകല



വൈശാഖ്
10th



ശ്രാവൺ ബാബു
10-A




സിനാൻ യേശുദാസ്
9-B